# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 50 12.06.2012- ൽ മറുപടിക്ക്**

**കൈത്തറി പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. സി കൃഷ്ണൻ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)** | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി മേഖലയുടെ സമഗ്രവികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച കൈത്തറി പാക്കേജിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതി പ്രകാരം സംസ്ഥാനങ്ങൾക്കായി മൊത്തം 3884 കോടി രൂപ അടങ്കലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ കേന്ദ്രവിഹിതം 3137 കോടി രൂപയും സംസ്ഥാനങ്ങളുടെ വിഹിതം 747 കോടി രൂപയുമായാണ് കണക്കാക്കിയിരിക്കുന്നത്. പ്രാഥമിക കൈത്തറി സംഘങ്ങൾ, അപ്പക്സ് സംഘം,സ്വകാര്യ നെയ്ത്തുകാർ, കൈത്തറി നെയ്ത്തു ഗ്രൂപ്പുകൾ എന്നിവരുടെ 31.3.2010 ന് കുടിശ്ശികയായിട്ടുള്ള വായ്പാതുക മുഴുവനും, ഇവരുടെ അക്കൗണ്ട് നോൺ പെർഫോമിങ്ങ് അസറ്റ്സ് (NPA) ആയ തീയതിവരെയുള്ള പലിശയുടെ 25% ഉം തിരിച്ചടവിൽ നിന്നും ഒഴിവാക്കാനാണ് പ്രസ്തുത പാക്കേജ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയനുസരിച്ച് കേന്ദ്രസംസ്ഥാന സർക്കാറുകൾ താഴെ കാണുന്ന അനുപാതത്തിൽ ഫണ്ട് വകയിരുത്തേണ്ടതുണ്ട്.<br>അപ്പക്സ് സൊസൈറ്റി - 75:25 (കേന്ദ്രം :സംസ്ഥാനം)<br>പ്രാഥമിക സംഘങ്ങൾ - 80:20 (കേന്ദ്രം :സംസ്ഥാനം)<br>വ്യക്തിഗത നെയ്ത്തുകാർ - 80:20 (കേന്ദ്രം :സംസ്ഥാനം)<br>പലിശ തുകയുടെ 75% ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾ ഒഴിവാക്കി പുതിയ വായ്പ നല്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| | | 2009-2010 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ട്. |
| (ബി) | പ്രസ്തുത പാക്കേജിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഏതെല്ലാം ഇനങ്ങളിലായി എത്ര കോടി രൂപയുടെ സഹായമാണ് ലഭിക്കേണ്ടിയിരുന്നത്; | (ബി) പ്രസ്തുത പാക്കേജിലെ നിബന്ധനകൾ പ്രകാരം അർഹത നിജപ്പെടുത്തുന്നതിന് വേണ്ടി വയബിൾ,പൊട്ടൻഷ്യലി വയബിൾ എന്നീ കാറ്റഗറിയിൽ ഉൾപ്പെട്ട സംഘങ്ങളുടെ സ്പെഷ്യൽ ഓഡിറ്റ് നബാർഡ് നടത്തിയതിന് ശേഷം മാത്രമേ ഈ പാക്കേജിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനു ലഭിക്കുന്ന തുക കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ. |
| (സി) | കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് കൈത്തറി പാക്കേജിന്റെ ലഭ്യതക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം രേഖകൾ സമർപ്പിക്കേണ്ടതുണ്ടായിരുന്നു; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (സി) (1) ഇക്കാര്യത്തിലുള്ള ലെറ്റർ ഓഫ് കമ്മിറ്റ്മെന്റ് സംസ്ഥാന സർക്കാർ നൽകി കഴിഞ്ഞു.<br>(2) കേന്ദ്ര സർക്കാരും നബാർഡും സംസ്ഥാന സർക്കാരും തമ്മിലുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് 23.3.2012 -ാം തീയതി ഒപ്പുവച്ചു. സംസ്ഥാന സർക്കാരാണ് ആദ്യം മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പുവച്ചത്.<br>(3) സംസ്ഥാന സർക്കാർ 2011 - 12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനവിഹിതമായി 5 കോടി രൂപ അനുവദിക്കുകയും ആ തുക നബാർഡിന് കൈമാറുകയും ചെയ്തു.<br>(4) പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി നിർദ്ദേശിച്ചിട്ടുള്ള സംസ്ഥാനതല ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് റിവ്യൂ കമ്മിറ്റി, ജില്ലാ തല ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് റിവ്യൂ കമ്മിറ്റി തുടങ്ങിയ കമ്മിറ്റികൾ രൂപീകരിക്കുകയും യോഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | (5) പാക്കേജിലെ ധനസഹായത്തിന് നിലവിലുള്ള നിബന്ധന പ്രകാരം വയബിൾ & പൊട്ടൻഷ്യലി വയബിൾ കാറ്റഗറിയിൽ ഉള്ള 200 സംഘങ്ങളാണ് അർഹരായിട്ടുള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ലിസ്റ്റ് സ്പെഷ്യൽ ഓഡിറ്റിനായി നബാർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>(6) 2012 - 13 സാമ്പത്തിക വർഷം വീണ്ടും 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | കേന്ദ്ര പാക്കേജിൽ കൈത്തറി രംഗത്തെ കടങ്ങൾ എഴുതിതള്ളാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ ഈ നിർദ്ദേശം പാലിക്കാത്തതു കൊണ്ട് പാക്കേജിന്റെ പ്രയോജനം സംസ്ഥാനത്തിന് നഷ്ടമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | കൈത്തറി രംഗത്തെ കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള പാക്കേജിൽ കേന്ദ്രസർക്കാർ ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.<br>(1) 2009-10-ലെ ഓഡിറ്റ് പൂർത്തീകരിയ്ക്കുക<br>(2) ലെറ്റർ ഓഫ് കമ്മിറ്റ്മെന്റ് സംസ്ഥാന സർക്കാർ നൽകുക.<br>(3) കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, നബാർഡ് എന്നിവർ ചേർന്ന് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പു വയ്ക്കുക.<br>ഈ മൂന്ന് നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടുണ്ട്. ഈ കാരണത്താൽ സംസ്ഥാനത്തിന് പാക്കേജിന്റെ പ്രയോജനം നഷ്ടപ്പെട്ടിട്ടില്ല. |
| (ഇ) | കൈത്തറി പാക്കേജ് നടപ്പിലാക്കാൻ ഉദ്യോഗസ്ഥർ അലംഭാവം കാണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | ഇല്ല. കൈത്തറി പാക്കേജ് നടപ്പിലാക്കാനുള്ള നടപടികൾ സമയബന്ധിതമായി നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ